## 18-04-2013 തിയതിയലെ അടിയന്തിര കൗൺസിൽ യോഗ തീരുമാനത്തിന്റെ ശരിപകർപ്പ്

**അജണ്ട 1.**

നഗരസഭയുടെ മൈലാടി ഖരമാലിന്യ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെട്ട വിഷയം കൗൺസിൽ പരിഗണനക്ക്

**തീരുമാനം**

1 മൈലാടി ഖരമാലിന്യ പ്ലാന്റിലെ സ്ഥിതിഗതികൾ പഠിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

2 നിലവിൽ പ്ലാന്റിൽ സംസകരണത്തിനായി എത്തിച്ച മാലിന്യങ്ങൾ വേർത്തിരിക്കുകയും സംസ്കരിച്ചതും റിജക്ടും ആയ മാലിന്യങ്ങൾ പുറത്തേക്ക് കൊണ്ടുപോകുന്നതിനും തീരുമാനിച്ചു. ആയതിനുള്ള ചെലവ് മുൻ കരാറുകാരന്റെ കയ്യിൽ നിന്നും ഈടാക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

3 തെരുവ് ശുചീകരണത്തിലൂടെ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനേറ്റർ അടിയന്തിരമായി സ്ഥാപിക്കാൻ തീരുമാനിച്ചു.

4 സ്ഥിതിഗതികൾ ജില്ലാ മജിസ്ട്രേറ്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും പ്ലാന്റ് നടത്തിപ്പിനാവശ്യമായ സഹായം തേടുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
ചെയർപേഴ്സൻ
കോട്ടക്കൽ നഗരസഭ

ശരിപകർപ്പ്.

സെക്രട്ടറി
കോട്ടക്കൽ നഗരസഭ